LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യംവച്ച് സമഗ്രമായ പദ്ധതിയും മാസ്റ്റർ പ്ലാനും KAICO മുഖേന തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കാർഷിക മൊത്ത വ്യാപാര വിപണിയുടെ തുടർ വികസന പദ്ധതികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കേണ്ടത്. ഭീമമായ ഒരു തുകയുടെ എസ്റ്റിമേറ്റ് ആയതിനാലും മുൻ വർഷത്തിൽ തുക ലഭ്യമാകാത്തതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത കാർഷിക വിപണന കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാർഷിക മൊത്ത വ്യാപാര വിപണിയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സംവേദനാത്മക വിനോദ ഇടം (interactive recreation space), മഷ്റൂം ലാബ്, ഹോർട്ടികൾച്ചർ, ഡെമോൺസ്ട്രേഷൻ ഗ്യാലറി, ടൈബൽ എക്സ്ബിഷൻ ഏരിയ, പൊതു എക്സ്ബിഷൻ സ്ഥലം, അർബൻ ഗാർഡൻ സ്പേസ് എന്നിവ ഉൾപ്പെട്ട പരീക്ഷണാത്മക വിനോദ ഇടം (experimental recreation space), പഴം പച്ചക്കറികൾ എന്നിവയുടെ വിൽപനക്കായി വെജിറ്റബിൾ മാർക്കറ്റ്, ഫ്രൂട്ട് മാർക്കറ്റ്, മത്സ്യ സ്റ്റാളുകൾ എന്നിവയും കൂടാതെ ഫുഡ് കോർട്ട്, ഇൻക്യൂബേഷൻ സെന്റർ, സെയിൽസ് സെന്റർ എന്നിവയും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്

79 (1064) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കാരണം യുവതലമുറ കൃഷി ജീവിതമാർഗ്ഗമാക്കാൻ മടിക്കുന്ന പശ്ചാത്തലത്തിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും പദ്ധതിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 രൂക്ഷമായ സാഹചര്യത്തിൽ നടപ്പിലാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി താങ്ങുവില പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും സംഭരിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. പച്ച കപ്പ സംഭരിച്ച് അത് ഡ്രയറുകളിൽ ഉണക്കി വാട്ട് കപ്പയാക്കി വിപണിയിൽ എത്തിക്കാൻ ഹോർട്ടികോർപ്പ് നടപടികൾ സ്വീകരിച്ചു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാർഷിക മേഖലയിലേയ്ക്ക് യുവാക്കൾ ഉൾപ്പെടെയുള്ളവരെ ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇടത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 മുതൽ 50% വരെ സബ്സിഡി നിരക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഓരോ ജില്ലയിലും

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യോല്പന്നങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസ്സിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ 84 കോടി രൂപയുള്ള പദ്ധതികളും ഈ വർഷം നടത്തുന്നു. ഇതിനു പുറമേ 150 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികകോൽപ്പാദനം മുതൽ വിപണനം വരെയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിങ്ങനെയുള്ള എല്ലാം ഏകോപനവും FPO-കൾ ഉറപ്പിക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മുഖ്യവിളകളെ ആസ്പദമാക്കി മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള ഒരു ജില്ല ഒരുല്പന്നം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

കേരള സംസ്ഥാന വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഒരു ജില്ല ഒരുൽപ്പന്നം പദ്ധതി. ഇപ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ ODOP പ്രകാരം തിരഞ്ഞെടുത്ത വിളകൾ താഴെ ചേർക്കുന്നു.

1.	ആലപ്പുഴ	നെൽ
2.	എറണാകുളം	പൈനാപ്പിൾ
3.	ഇടുക്കി	ഏലം
4.	കണ്ണൂർ	തേങ്ങ
5.	കാസർഗോഡ്	ചിപ്പി
6.	കൊല്ലം	കിഴങ്ങുവർഗ്ഗം
7.	കോട്ടയം	പൈനാപ്പിൾ
8.	കോഴിക്കോട്	തേങ്ങ
9.	മലപ്പുറം	തേങ്ങ
10.	പാലക്കാട്	വാഴ
11.	പത്തനംതിട്ട	ചക്ക
12.	തൃശ്ശൂർ	നെൽ
13.	തിരുവനന്തപുരം	മരച്ചീനി
14.	വയനാട്	പാലും പാലുല്പന്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ വർഷംതോറും നടത്തിവന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വർഷംതോറും നടത്തിവരുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടർന്ന് നടത്താൻ ഈ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ഹോർട്ടികോർപ്പ് സംഭരിച്ച ഉല്പന്നങ്ങളുടെ വില

80 (1065) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽനിന്നും സംഭരിച്ച കാർഷികോത്പന്നങ്ങളുടെ വില ദീർഘകാലമായി കുടിശ്ശികയായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ കുടിശ്ശിക തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വിപണി ഇടപെടൽ പദ്ധതിപ്രകാരം ഹോർട്ടികോർപ്പിന് അടിയന്തര സഹായമായി 3.50 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ടി തുകയിൽനിന്നും കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കർഷകർക്ക് താഴ്ന്ന പലിശയ്ക്ക് വായ്പ

81(1066) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കേരള ബാങ്ക് മുഖേന താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?